# ബഡ്ജറ്റ് 2026-27

പ്രിയമുള്ളവരെ,

ജനാധിപത്യത്തിന്റെ അടിത്തറയായ ഗ്രാമ സ്വയംഭരണ സംവിധാനത്തിൽ ബഡ്ജറ്റ് എന്നത് വെറും വരവുചെലവു കണക്കുകൾ മാത്രമല്ല. അത് നമ്മുടെ ഗ്രാമത്തിന്റെ സ്വപ്നങ്ങളുടെ രേഖയാണ്. നമ്മുടെ നാടിന്റെ ആവശ്യങ്ങളും പ്രതീക്ഷകളും മുൻനിർത്തി ഉൾക്കൊള്ളലും സമത്വവും സ്ഥിരതയും അടിസ്ഥാനമാക്കി. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റ് സമർപ്പിക്കുന്നതിൽ അതിയായ സന്തോഷവും ഉത്തരവാദിത്തബോധവും അനുഭവിക്കുന്നു. ഈ ബഡ്ജറ്റ് ഈ വർഷത്തെ ഈ നാടിന്റെ സമഗ്ര വികസനം സാധ്യമാക്കുമെന്ന് ഈ ഭരണ സമിതി ഉറച്ചു വിശ്വസിക്കുന്നു.

വെങ്ങപ്പള്ളി പഞ്ചായത്തിന്റെ ഭാവിയെ കരുതലിന്റെ കണ്ണോടെ കാണുന്ന പുതിയ ഭരണസമിതി അധികാരം ഏറ്റെടുത്തിട്ട് കേവലം രണ്ടുമാസം പിന്നിടുകയാണ്.

ദീർഘവീക്ഷണത്തോടെ എല്ലാ മേഖലയിലും ലഭ്യമായ വിഭവം ഉപയോഗിച്ച് സ്പർശിച്ചാണ് ഈ ബഡ്ജറ്റ് അവസാനിക്കുന്നത്. സമഗ്ര വികസനം, സാമൂഹ്യനീതി, ജനപങ്കാളിത്തം, എന്നീ മൂന്ന് ഊന്നുകളിലാണ് ഈ വർഷത്തെ ബഡ്ജറ്റ് രൂപപ്പെടുത്തിയിരിക്കുന്നത്.

വർക്കിംഗ് ഗ്രൂപ്പിലൂടെ വിവിധ തലങ്ങളിലെ ഗ്രാമസഭകളിലൂടെ ജനങ്ങൾ ഉയർത്തിയ ആവശ്യങ്ങൾക്കും നിർദ്ദേശങ്ങൾക്കും മുൻഗണന നൽകി ഓരോ വാർഡിന്റെയും അതുവഴി നാടിന്റെയും സമഗ്ര പുരോഗതി ലക്ഷ്യമാക്കി പദ്ധതി തയ്യാറാക്കിയിരിക്കുന്നു. ഈ ഭരണസമിതിയുടെ ലക്ഷ്യം വെറും അടിസ്ഥാന സൗകര്യ വികസനം മാത്രമല്ല മറിച്ച് ജീവിതനിലവാരം ഉയർത്തുന്ന സമഗ്രമായ മുന്നേറ്റമാണ്.

ആരോഗ്യമേഖലയിലെ കുതിപ്പിന് വേണ്ടി രൂപീകരിച്ച ആർദ്രം പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ തന്നെ നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർന്നിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിലും ഡോക്ടർമാരുടെ സേവനത്തിനും ലാബ് സംവിധാനത്തിലും മെച്ചപ്പെട്ടതും മികച്ചതുമായ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. മികച്ച രീതിയിൽ ഉള്ള സേവനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് സർട്ടിഫിക്കേഷന് നേടിയെടുക്കാൻ നമ്മുടെ സ്ഥാപനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം കഴിഞ്ഞിട്ടുണ്ട്. തുടർന്ന് മികച്ച രീതിയിൽ പ്രവർത്തിക്കാൻ ആവശ്യമായ പിന്തുണയും പ്രോത്സാഹനവും ഈ ഭരണസമിതി ഉറപ്പ നൽകുകയാണ്.

നടപ്പ് സാമ്പത്തിക വർഷത്തിൽ ആശുപത്രിയിൽ ഫാർമസിയും ഓഡിറ്റോറിയം ഉൾപ്പെടുന്ന ബിൽഡിങ്ങിന്റെ നിർമ്മാണ പ്രവർത്തനം നിയോജകമണ്ഡലം എംഎൽഎ ശ്രീ അഡ്വക്കേറ്റ് ടി സിദ്ദിഖിന്റെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഈ

സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതാണ്. ആയുർവേദ ആശുപത്രിയെ മികച്ചതാക്കുന്നതോടൊപ്പം പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടി വിപുലപ്പെടുത്തുകയും യോഗ ഉൾപ്പെടെയുള്ള പുതിയ പ്രവർത്തനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുകയാണ്. മറ്റൊരു ആരോഗ്യ മേഖലയായ ഹോമിയോ ആശുപത്രിയുടെ കെട്ടിടത്തിന്റെ അസൗകര്യം ഈ സാമ്പത്തിക വർഷം പുതിയ കെട്ടിടം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതോടു കൂടി പരിഹരിക്കും എന്നാണ് കരുതുന്നത്.

ജനങ്ങൾക്ക് നല്ല ജീവിത സാഹചര്യങ്ങൾ ഒരുക്കുകയും ദാരിദ്ര്യ ലഘൂകരണം ഭവന സംവിധാനം, ഭൂരഹിത കേരളം എന്നിങ്ങനെ മനുഷ്യന്റെ ഏറ്റവും അത്യാവശ്യ കാര്യങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ലൈഫ്മിഷൻ പ്രവർത്തനം സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. ഇങ്ങനെ പുരോഗമിക്കുമ്പോഴും വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിനകത്തെ ജനറൽ വിഭാഗങ്ങൾക്ക് വീട് നൽകാൻ ഈ മിഷനിലെ ചില നിബന്ധനകൾ തടസ്സമായിട്ടുണ്ട്. ഈ പ്രശ്നം മറികടക്കാനും ബാക്കി വരുന്ന 200 ൽ അധികം ആളുകൾക്ക് അടച്ചുറപ്പുള്ളതും

ചോർന്നൊലിക്കാത്തതുമായ ഒരു വീട് എന്ന സ്വപ്നം ഹെഡ്കൊവായ്പ ലഭിക്കുന്ന മുറക്ക് ഈ സാമ്പത്തിക വർഷം തന്നെ പരിഹരിക്കപ്പെട്ടുമെന്ന് ഉറച്ച വിശ്വാസവും ഇവിടെ രേഖപ്പെടുത്തട്ടെ.

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ സ്കൂളായ ജി ഡബ്ല്യു എൽ പി സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭാഗമായി വയനാട് പാക്കേജിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷത്തിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിവരവും സന്തോഷകരം തന്നെ. പഞ്ചായത്തിലെ വിവിധ സ്കൂളുകൾ പഠിക്കുന്ന ഒന്നുമുതൽ ഏഴു വരെയുള്ള മുഴുവൻ വിദ്യാർഥികൾക്കും വർഷങ്ങളായി പ്രഭാത ഭക്ഷണം നൽകിവരുന്നു. വളർന്നുവരുന്ന തലമുറക്ക് ഈ നാടിന്റെ പിന്തുണ എന്ന നിലയിലാണ് ഈ പദ്ധതിയെ ഈ ഭരണസമിതി നോക്കിക്കാണുന്നത് അത് ഈ വർഷവും തുടരുക തന്നെ ചെയ്യും.

വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മേശയും കസേരയും, ലാപ്ടോപ്പ്, മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് ധനസഹായം എന്നിവ ഈ വർഷത്തെ പഠന പ്രവർത്തനങ്ങളുടെ പിന്തുണയ്ക്കുള്ള പ്രത്യേകതകളാണ്.

ഗ്രാമപഞ്ചായത്തിനകത്ത് ഗ്രന്ഥശാലകൾക്ക് സ്വന്തമായി കെട്ടിടമുണ്ടെങ്കിലും അടിസ്ഥാന സൗകര്യ വികസനത്തിൽ ഇന്നും ഗ്രന്ഥശാലകൾ വീർപ്പുമുട്ടുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഗ്രന്ഥശാലകളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷത്തിൽ ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടറുകൾ നൽകുകയാണ്. ഒരുപക്ഷേ ഈ മേഖലയിലെ ഗ്രാമപഞ്ചായത്തിന്റെ ആദ്യ ചുവടുവെപ്പ് ആയിരിക്കും ഈ പ്രഖ്യാപനം.

വീടു കഴിഞ്ഞാൽ ഒരു കുട്ടി അക്ഷരാഭ്യാസം നേടുന്ന സംസ്കാരം അഭ്യസിക്കുന്ന വൃത്തി പഠിക്കുന്ന ആദ്യത്തെ സ്ഥാപനം എന്നത് അംഗൻവാടിയാണ് നമ്മുടെ ഗ്രാമപഞ്ചായത്തിനകത്ത് 14 അംഗൻവാടിയിൽ 11 എണ്ണത്തിനും മികച്ച കെട്ടിടങ്ങൾ ഉണ്ട്. ഓടമൂട്ടിൽ അങ്കണവാടിയുടെ ഇരുനില കെട്ടിടം വയനാട് പാർലമെന്റ് അംഗം ബഹുമാന്യയായ ശ്രീമതി. പ്രിയങ്ക ഗാന്ധിയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയായി വരികയാണ് പ്രസ്തുത കെട്ടിടം ഈ സാമ്പത്തിക വർഷം തന്നെ ഉദ്ഘാടനം ചെയ്തു പ്രവർത്തിക്കാൻ അനുമതി നൽകുകയാണ്. ബാക്കിവരുന്ന അംബേദ്കർ അങ്കണവാടി ശ്രീമതി. പ്രിയങ്കാ

ഗാന്ധിയുടെ തന്നെ പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തി വൈകാതെ ബിൽഡിങ് പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും ഈ സാമ്പത്തിക വർഷം തന്നെ പ്രവർത്തനസജ്ജമാക്കാനും സാധിക്കും.

ഹരിത കേരളം മിഷൻ നമ്മുടെ സംസ്ഥാനത്തെ മാലിന്യമുക്തമാക്കുവാനും കൃഷി അനുബന്ധ മേഖലകൾ ഇടപെടൽ നടത്തുവാനും ശ്രമം നടത്തിവരുന്നു. മാലിന്യ സംസ്കരണം ശുചിത്വം എന്നീ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും നല്ല നിലയിൽ നടന്നുവരുന്നു.എങ്കിലും വഴിയോരങ്ങളുടെ വൃത്തി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ  നാം പുറകിലാണ്. വ്യക്തി ശുചിത്വം എന്നതിലപ്പുറം സാമൂഹിക ശുചിത്വം കൂടി ഒരു സമൂഹത്തിന്റെ പുരോഗതിയുടെ ലക്ഷണമായി കണക്കാക്കുംബോൾ ഇത്തരത്തിൽ എടുത്തു പറയാൻ ഒന്നും തന്നെ നമുക്ക് ഇന്നോളമില്ല. ഇതിനു പരിഹാരമെന്ന നിലയിൽ വയനാട് ജില്ലക്ക് വെങ്ങപ്പള്ളിയിൽ നിന്നും ഒരു ഹരിത മാതൃക പകർത്താനുള്ള പ്രാരംഭ പ്രവർത്തനത്തിന് ഈ സാമ്പത്തിക വർഷം തുടക്കം കുറിക്കുകയാണ്. ഇതിന്റെ ഭാഗമായി ക്ലീൻ പിണങ്ങോട് ഗ്രീൻ പിണങ്ങോട് എന്ന പുതിയ പദ്ധതി ഇവിടെ പ്രഖ്യാപിക്കുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കുറ്റമറ്റതാക്കുവാനും ,മാലിന്യങ്ങൾ ശേഖരിക്കുന്നതിന് എം സി എഫ് സ്ഥാപിക്കുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്. ഓരോ വാർഡുകളിലും ഇനിയും മിനി എംസിഎഫുകൾ സ്ഥാപിക്കാനുണ്ട്. മാലിന്യങ്ങൾ ശാസ്ത്രീയമായി തരംതിരിക്കുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിലൂടെ പാഴ്വസ്തുക്കളുടെ തരംതിരിവിലും വിൽപ്പനയിലും വരുമാനം ഉണ്ടാക്കുന്നതിന് ഹരിത കർമ്മ സേനയുടെ കൺസോഷ്യത്തിന് സാധ്യമാകും. മാത്രവുമല്ല ഗ്രാമപഞ്ചായത്തിനകത്തെ 28 ഹരിത കർമ്മ സേന അംഗങ്ങളെ പ്ലാസ്റ്റിക് ശേഖരിക്കുക എന്നതിലപ്പുറം മറ്റു വരുമാനദായകരാക്കി മാറ്റുക എന്നതും ഈ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്ന ലക്ഷ്യങ്ങളാണ്.കൂടാതെ ഹെൽത്ത് കാർഡും ആരോഗ്യ ഇൻഷൂറൻസ് പരിരക്ഷയുമുൾപ്പെടെ നടപ്പാക്കും.

സംസ്ഥാനത്തു തന്നെ മുളകൊണ്ട് മാത്രമുള്ള ഒരു പച്ചത്തുരുത്ത് നമ്മുടേത് മാത്രമാണ്. സ്വാമിനാഥൻ ഫൗണ്ടേഷന്റെയും സോഷ്യൽ ഫോറസ്റ്റിയുടേയും സഹായത്തോടെ ഒരു ബോട്ടാണിക്കൽ ഗാർഡൻ രൂപപ്പെടുത്താനുള്ള ശ്രമം ആരംഭിക്കുകയാണ്. നിരവധി ആളുകളെ

പച്ചത്തുരുത്തി ആകർഷിക്കുന്നതിന്റെ ഭാഗമായി നിലവാരമുള്ള റോഡ് സൗകര്യമുൾപ്പെടെ ഈ സാമ്പത്തിക വർഷം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സന്ദർശകർക്ക് വിനോദത്തിനും വിശ്രമത്തിനും വേണ്ടി ഹാപ്പിനസ് പാർക്ക് തൊട്ടടുത്ത പുഴയിൽ ബോട്ടിലൂടെയുള്ള യാത്ര എന്നിവ ഈ സാമ്പത്തിക വർഷം യാഥാർത്ഥ്യമാക്കും. ഹരിത കേരളം മിഷന്റെ മറ്റൊരു പ്രധാന പ്രവർത്തനമാണ് മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ ഈ മേഖലയിൽ തോടുകളുടെ വീണ്ടെടുപ്പ് നീർത്തട പരിപാലന പരിപാടി എന്നിവ തൊഴിലുറപ്പ് സംവിധാനത്തിലൂടെ മികച്ച രീതിയിൽ നടന്നുവരുന്നു

വയനാട് ജില്ലയിലെ ഏറ്റവും തനത് വരുമാനം കുറഞ്ഞ ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ നിന്നും നാം മുന്നേറി എന്നത് വളരെ അഭിമാനത്തോടെ ഞാൻ ഇവിടെ ഓർക്കുകയാണ്. തുടർന്നും 100% നികുതി പിരിച്ചെടുത്തും സർക്കാർ നിർദേശിക്കുന്ന നിരക്കിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയും ആസ്തിപരിഷ്കരണം വഴി വരുമാനം വർദ്ധിപ്പിക്കാനും അടുത്ത സാമ്പത്തിക വർഷം ലക്ഷ്യമിടുന്നു.

## കാർഷികവും പരിസ്ഥിതി സംരക്ഷണവും

വെങ്ങപ്പള്ളി ഒരു കാർഷിക സംസ്കാരമുള്ള നാടാണ്. അതുകൊണ്ട് തന്നെ കാർഷിക മേഖലക്ക് ഈ ബഡ്ജറ്റ് പ്രത്യേക പ്രാധാന്യം നൽകുന്നു. ജൈവകൃഷി പ്രോത്സാഹനം , ജലസംരക്ഷണ പദ്ധതികൾ , കുളം നവീകരണം, വിവിധ കിണറുകളുടേയും കുടിവെള്ള പദ്ധതികളുടേയും നിർമ്മാണം, പച്ചക്കറി സ്വയംപര്യാപ്തത പദ്ധതി, കാലാവസ്ഥ മാറ്റത്തിന്റെ വെല്ലുവിളികൾ നേരിടാൻ മഴവെള്ള ശേഖരണം, കാലാവസ്ഥ നിരീക്ഷണ കേന്ദ്രം, ഹരിതമേഖല വികസനം, മാലിന്യ നിർമാർജ്ജന സംവിധാനം ശക്തിപ്പെടുത്തൽ, എന്നിവക്ക് തുക മാറ്റിവെച്ചിരിക്കുന്നു.

## സ്ത്രീശാക്തീകരണവും കുടുംബശ്രീ ശക്തിപ്പെടുത്തലും

സ്ത്രീകളുടെ സാമ്പത്തിക–സാമൂഹിക മുന്നേറ്റം ഒരു പഞ്ചായത്തിന്റെ പുരോഗതിയുടെ മാനദണ്ഡമാണ്. കുടുംബശ്രീ യൂണിറ്റുകൾക്ക് കൂടുതൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായവും പരിശീലനവും ഈ സാമ്പത്തി വർഷത്തിൽ നടപ്പാക്കും. ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ, മൃഗസംരക്ഷണ പദ്ധതികൾ , വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം തുടങ്ങി നിരവധി പദ്ധതികളാണ് നിർദ്ദേശിക്കപ്പെടുന്നത്.സ്ത്രീകൾ സ്വയംപര്യാപ്തരാകുമ്പോൾ ഒരു കുടുംബവും ഒരു ഗ്രാമവും ശക്തമാകുന്നു എന്ന വിശ്വാസത്തിലാണ് ഈ നീക്കങ്ങൾ.

## യുവജന–വിദ്യാഭ്യാസ മേഖല

നമ്മുടെ യുവജനങ്ങളാണ് ഭാവിയുടെ ശില്പികൾ. അവരുടെ കഴിവുകൾ കണ്ടെത്തി വളർത്താൻ മത്സര മത്സരപരീക്ഷ പരിശീലനം, പിണങ്ങോട് മിനി സ്റ്റേഡിയം നവീകരണം, സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം പഠനോപകരണ വിതരണം, പ്രഭാത ഭക്ഷണം, എന്നിവയും ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് ഉൾപ്പെടുത്തിയിരിക്കുന്നു.

## ആരോഗ്യവും സാമൂഹ്യ സുരക്ഷയും

ആരോഗ്യ മേഖലയ്ക്ക് മുൻഗണന നൽകുന്നു. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനം, വയോജനങ്ങൾക്ക് പ്രത്യേക ആരോഗ്യ ക്യാമ്പുകൾ, ഭിന്നശേഷിക്കാർക്ക് സഹായോപകരണ വിതരണം , മാനസികാരോഗ്യ ബോധവത്കരണം, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ എന്നിവ ഉറപ്പാക്കുന്നതിൽ ഈ ഭരണസമിതി പ്രത്യേക മുൻഗണന നൽകുന്നതാണ്.

## അടിസ്ഥാന സൗകര്യ വികസനം

റോഡ് നവീകരണം, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് വികസനം, സ്ട്രീറ്റ് ലൈറ്റുകൾ എൽഇഡിയിലേക്കുള്ള മാറ്റം തുടങ്ങിയ അടിസ്ഥാന

സൗകര്യങ്ങൾക്ക് ഗണ്യമായ വിഹിതം മാറ്റിവെച്ചിരിക്കുന്നു. ഗ്രാമത്തിന്റെ വികസന ആകൃതി മാറ്റുന്ന പ്രവർത്തനങ്ങൾ സുതാര്യതയോടും ഗുണമേന്മയോടും കൂടിയാകും നടപ്പാക്കുക. ഡിജിറ്റൽ ഭരണവും സുതാര്യതയും ഇ-ഗവേണൻസ് ശക്തിപ്പെടുത്തി സേവനങ്ങൾ വേഗത്തിലും സുതാര്യമായും ജനങ്ങളിലേക്ക് എത്തിക്കും. ഓൺലൈൻ സർവീസ് സൗകര്യങ്ങൾ, ഫയൽ ട്രാക്കിംഗ് സംവിധാനം, ആറു മാസത്തിലൊരിക്കൽ ജനകീയ പരാതി പരിഹാര അദാലത്ത്, എന്നിവ നടത്തുന്നത് വഴി ജനങ്ങൾക്ക് ഭരണ സംവിധാനത്തിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുകയാണ് ലക്ഷ്യം.

## ആദിവാസി–പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ

പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതി രൂപീകരിച്ചിരിക്കുന്നു. വീടുകളുടെ നിർമ്മാണം, കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ, സ്വയംതൊഴിൽ പരിശീലനം, സംസ്ഥാന ദേശീയ മത്സരങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികൾക്ക് പ്രത്യേക പുരസ്കാരം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ലാപ്ടോപ്പ് ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ, പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങളായ കേൾവി യന്ത്രം, വീൽ ചെയർ, വാക്കർ, എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കുക വഴി പിന്നോക്ക വിഭാഗത്തെ മുന്നിൽ നിർത്താൻ ഈ ഭരണസമിതി

പ്രതിജ്ഞാബദ്ധമാണ്. സമത്വം ഉറപ്പാക്കുന്ന വികസനമാണ് യഥാർത്ഥ പുരോഗതി.

## സുസ്ഥിര ധനകാര്യ മാനേജ്മെന്റ്

വരുമാനം വർദ്ധിപ്പിക്കാനും ചെലവ് നിയന്ത്രിക്കാനും കൃത്യമായ ധനകാര്യ ശാസ്ത്രം പിന്തുടരും. നികുതി ശേഖരണം ശക്തിപ്പെടുത്തൽ, ആസ്തി മാനേജ്മെന്റ് മെച്ചപ്പെടുത്തൽ, പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണം, സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കി ജനങ്ങളുടെ വിശ്വാസം നിലനിർത്തും.

പ്രാരംഭ ബാക്കി ഉൾപ്പെടെ 27 കോടി 52 ലക്ഷത്തി 52 അയ്യായിരത്തി 600 രൂപയുടെ വരവും 27 കോടി 27 ലക്ഷത്തി 84 ആയിരത്തി 876 രൂപ ചെലവും 24 ലക്ഷത്തി അറുപതി ഏഴായിരത്തി നൂറ്റി ഇരുപതിനാല് രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. വരവ് ചെലവ് കണക്കുകളുടെ വിഭജനം ചുവടെ ചേർക്കും പ്രകാരമാണ്.

# INCOME (വരവുകള് )

## TAX REVENUES

| | | |
|---|---|---|
| 1 | Property Tax (General) | 6000000 |
| 2 | Profession Tax - Employees | 1050000 |
| 3 | Profession Tax – Traders/ Institutions | 510000 |
| | **Total Tax Revenues** | **7560000** |

## Fees and User Charges

| | | |
|---|---|---|
| 4 | Private Hospital & Paramedical Institutions Registration Fee | 100000 |
| 5 | Other Empanelment & Registration Charges | 16000 |
| 6 | License Fees for IFTEOS | 420000 |
| 7 | Other Licensing Fees | 100000 |
| 8 | Fees for Construction of Buildings | 920000 |
| 9 | Permit Application fee | 160000 |
| 10 | Fees for Birth & Death Certificate | 3000 |
| 11 | Fees for Delayed Registration – Birth & Death | 1600 |
| 12 | Fees for Marriage Certificate | 3000 |
| 13 | Fee for Marriage Registration | 7000 |
| 14 | Fee for Non Availability Certificate | 1000 |
| 15 | Regularization Fees | 900000 |
| 16 | Regularization Fees for Unauthorised Construction | 40000 |
| 17 | Application Fee – Unauthorised Construction Regularisation | 10000 |
| 18 | Penal Interest | 300000 |
| 19 | Ownership Change Fees – Fine | 80000 |
| 20 | Other Fees | 200000 |
| 21 | Other User Charges | 30000 |
| 22 | Other Charges | 300000 |
| | **Total Fees and User Charges** | **3591600** |

## Sale and Hire Charges

| | | |
|---|---|---|
| 23 | Receipts from Sale of Agricultural Products | 20000 |
| 24 | Receipts from Sale of Forms | 100000 |
| 25 | Receipts from Sale of Stores | 20000 |
| | **Total Sale and Hire Charges** | **140000** |

## Revenue Grants, Contributions and Subsidies

| | | |
|---|---|---|
| 26 | Fund for Transferred Functions/ Schemes – Pension for Agricultural Workers/ Labourers | 4300000 |
| 27 | Fund for Transferred Functions/ Schemes – Widow Pension | 11700000 |
| 28 | Fund for Transferred Functions/ Schemes – Pension for Unmarried women aged above 50 | 90000 |
| 29 | Fund for Transferred Functions/ Schemes – Pension for Differentially Abled | 3000000 |
| 30 | Fund for Transferred Functions/ Schemes – Old Age Pension | 19600000 |
| 31 | General Purpose Fund | 10171000 |
| 32 | Fund for Transferred Functions/ Schemes – Sthree Suraksha Scheme | 9588000 |
| | **Total Revenue Grants, Contributions and Subsidies** | **58449000** |
| | **Income from Investments** | |
| 33 | Interest on Investments | 120000 |
| | **Total Income from Investments** | **120000** |
| | **Interest Earned** | |
| 34 | Interest from Bank Accounts | 220000 |
| | **Total Interest Earned** | **220000** |
| | **Other Income** | |
| 35 | Miscellaneous Receipts | 850000 |
| | **Total Other Income** | **850000** |
| | **Rental Income – LB Properties – 130** | |
| 36 | Rent from Stadium | 26000 |
| 37 | Rent from Auditorium and Halls | 20000 |
| 38 | Other Rents | 6000 |
| | **Total Rental Income** | **52000** |
| | **Total Revenue Receipt** | **70982600** |

| | | |
|---|---|---|
| | **Capital Receipt** | |
| | **Grants, Contribution for Specific Purposes** | |
| 39 | Grants for Specific Purposes – Health Grant towards conversion of PHCs and Subcentres into Health and Wellness Centres | 135000 |

| | | |
|---|---|---|
| 40 | Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs | 166000 |
| 41 | Grants for Specific Purposes - Health Grant towards buildingless Subcentres, PHCs and CHCs | 2775000 |
| 42 | Central Finance Commission Grant - Tied | 2703000 |
| 43 | Central Finance Commission Grant - Untied | 1802000 |
| 44 | Intergrated Child Development Service | 1500000 |
| 45 | Member Of Parliament Local And Development Scheme | 1000000 |
| 46 | Total Sanitation Campaign | 3500000 |
| 47 | Mahatma Gandhi National Rural Employment Scheme (MGNREGS) | 50000000 |
| 48 | Development Fund - General | 15435000 |
| 49 | Development Fund - Special Component Plan | 798000 |
| 50 | Development Fund - Tribal Sub-Plan | 17599000 |
| 51 | Maintenance Fund - Road Assets | 13253000 |
| 52 | Maintenance Fund - Non-Road Assets | 3864000 |
| 53 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | 8000000 |
| 54 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | 20000000 |
| 55 | Beneficiary Contribution | 500000 |
| 56 | Contribution to Joint Venture Projects from District Panchayat | 11890000 |
| 57 | Contribution to Joint Venture Projects from Block Panchayat | 4200000 |
| | **Total Grants, Contribution for Specific Purposes** | **159120000** |
| | **Secured Loans** | |
| 58 | Loan from HUDCO | 45000000 |
| | TOTAL SECURED LOANS | 45000000 |
| | **Deposits Received** | |
| 59 | Earnest Money Deposit | 10000 |
| 60 | Retention | 30000 |
| 61 | Election Deposit(Candidate) | 100000 |

| | | |
|---|---|---|
| 62 | Other deposits received | 10000 |
| | **Total Deposits Received** | **150000** |
| | | |
| **Total Capital Receipt** | | **204270000** |
| **Total Revenue And Capital Receipt** | | **275252600** |

| **Revenue Expenditure (ചെലവുകള്‍)** | | |
|---|---|---|
| | **Establishment Expenses** | |
| 63 | Salaries –Secretary | 1250000 |
| 64 | Salaries – Permanent Staff | 7000000 |
| 65 | Salaries – Contract Staff | 800000 |
| 66 | Salaries – Part time Contingent Staff | 236000 |
| 67 | Wages | 980000 |
| 68 | Bonus | 38000 |
| 69 | Travelling Allowances – Secretary | 50000 |
| 70 | Travelling Allowances – Permanent Staff | 120000 |
| 71 | Travelling Allowances – Temporary Staff | 30000 |
| 72 | Other allowances – Secretary | 50000 |
| 73 | Other allowances – Permanent Staff | 60000 |
| 74 | Monthly Honorarium and Sitting Allowance –Councillors/ Members | 3500000 |
| 75 | Other Benefits and Allowances | 50000 |
| 76 | Festival Allowance | 85000 |
| 77 | Spectacle Allowance | 10000 |
| 78 | Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 105000 |
| 79 | Telephone Allowance – Secretary | 50000 |
| 80 | Telephone Allowance – Mayor/ Chairperson/ President | 30000 |
| 81 | Telephone Allowance – Deputy Mayor/ Vice Chairperson/ Vice President | 20000 |
| 82 | Terminal Leave Surrender | 100000 |
| 83 | Other Establishment Expenses | 700000 |
| | **Total Establishment Expenses** | **15264000** |

| | | |
|---|---|---|
| | **Administrative Expenses** | |
| 84 | Rent of Buildings | 20000 |
| 85 | Other Taxes/ Duties | 20000 |
| 86 | Office Electricity Expenses | 250000 |
| 87 | Telephone Expenses/ Internet Charges | 100000 |
| 88 | Books & Periodicals | 90000 |
| 89 | Printing & Stationery | 270000 |
| 90 | Insurance | 20000 |
| 91 | Miscellaneous Legal Expenses | 100000 |
| 92 | Professional & Other Fees | 26500 |
| 93 | Other Advertisement & Publicity Charges | 50500 |
| 94 | Membership & Subscriptions | 16500 |
| 95 | Miscellaneous Administration Expenses | 300000 |
| 96 | Water Charges – Street Tap | 750000 |
| | **Total Administrative Expenses** | **2013500** |
| | **Operation and Maintenance** | |
| 97 | Electricity Charges for Street Lights | 700000 |
| 98 | Fuel Charges | 250000 |
| 99 | Electricity Charges of Other Buildings of LB | 105000 |
| 100 | Vehicle Hire Charges | 170000 |
| 101 | Other Repairs & Maintenance | 260000 |
| 102 | Extra – ordinary Expenses | 500000 |
| 103 | Other Operating & Maintenance Expenses | 640000 |
| | **Total Operation and Maintenance** | **2625000** |
| | **Interest and Finance Charges** | |
| 104 | Bank Charges | 7500 |
| 105 | Other Finance Expenses | 500000 |
| | **Total Interest and Finance Charges** | **507500** |
| | **Programe Expenses** | |
| 106 | Election Expenses | 300000 |
| 107 | Expenditure on Poverty Eradication Program | 50000000 |
| | **Total Programe Expenses** | **50300000** |
| | **Expenses related to State Sponsored Schemes** | |
| 108 | Grant in aid to voluntary organisations/ institutions running homes for Differentially Abled person | 3000000 |

| | | |
|---|---|---|
| 109 | Programmes/ Expenditures of Transferred Functions/ Schemes – Pension for Agricultural Workers/ Labour | 4300000 |
| 110 | Programmes/ Expenditures of Transferred Functions/ Schemes – Widow Pension | 11700000 |
| 111 | Programmes/ Expenditures of Transferred Functions/ Schemes – Pension for Unmarried women aged above 50 | 90000 |
| 112 | Programmes/ Expenditures of Transferred Functions/ Schemes – Old Age Pension | 19600000 |
| 113 | Programmes/ Expenditures of Transferred Functions/ Schemes – Sthree Suraksha Scheme | 9588000 |
| | **Total Expenses related to State Sponsored Schemes** | **48278000** |
| | **Total Revenue Expenditure** | **118988000** |
| | **Capital Expenditure** | |
| | **Refund of Deposits – 340** | |
| 114 | Earnest Money Deposit | 10000 |
| 115 | Retention | 30000 |
| 116 | Election Deposit(Candidate) | 100000 |
| 117 | Other deposits received | 10000 |
| | **Total Refund of Deposits** | **150000** |
| | **Payment of Recoveries** | |
| 118 | Pension Contribution Payable | 530000 |
| 119 | Employers Liabilities – Pension Contribution (NPS) | 270000 |
| 120 | Recoveries Payable – Employee Share NPS | 270000 |
| | **Total Payment of Recoveries** | **1070000** |
| | **Fixed Assets** | |
| 121 | Buildings – Sanitation and Waste Management | 3500000 |
| 122 | Other Buildings | 4000000 |
| 123 | Black Topped Roads | 4100000 |
| | **Total Fixed Assets** | **11600000** |
| | **Loans, Advances and Deposits** | |
| 124 | Advance to Mahatma Gandhi NREGS/ AUEGS | 3000000 |
| | **Total Loans, Advances and Deposits** | **3000000** |
| | **Total Capital Expenditure** | **15820000** |

| | |
|---|---|
| Total Revenue Capital Expenditure | 134808000 |
| Total Revenue Capital Income | 275252600 |
| Balance | 144511124 |
| Project Expected Expenditure | 142044000 |
| Reserved (നീക്കിയിരിപ്പ്) | 2467124 |

2026-27 വർഷം എസ്റ്റാബ്ലിഷ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി 1 കോടി 72 ലക്ഷത്തി 77 ആയിരത്തി 500 രൂപ വകയിരുത്തുന്നു. ഓപറേഷൻ ആന്റ് മെയിന്റനൻസ് ചെലവ് ഇനത്തിൽ 26 ലക്ഷത്തി 25 ആയിരം രൂപയും വകയിരുത്തുന്നു.

ഉത്പാതന മേഖലയിൽ മികവുറ്റ പ്രവർത്തനങ്ങൾ നടത്തുവാനും പുത്തൻ ഉണർവ്വുണ്ടാക്കുന്നതിനുമുള്ള പദ്ധതികളാണ് ബഡ്ജറ്റിൽ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ രാജ്യത്ത് 80 ശതമാനം ജനങ്ങളും കൃഷിയും അനുബന്ധമേഖലകളേയും ആശ്രയിച്ചാണ് ഇപ്പോഴും ജീവിക്കുന്നത്. ഉത്പാദന പ്രക്രിയയിൽനിന്നും ജനങ്ങളെ അകറ്റുന്ന സമീപനമാണ് രാജ്യത്ത് നില നിൽക്കുന്നത്. ഉത്പന്നങ്ങൾക്ക് വില സ്ഥിരത ഇല്ലാത്തതും, രാസവളങ്ങൾ ഉൾപ്പെടെ കൃഷിക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ വില കുതിച്ചുയരുന്നതും വൻകിട കോർപ്പറേറ്റുകൾക്ക് കാർഷിക മേഖല തീറെഴുതി നൽകുന്നതിലൂടെയും കാർഷിക വൃത്തിയിൽ നിന്നും സാധാരണക്കാർ അകലുന്ന രീതിയാണ് രാജ്യത്ത് സംജാതമായിരിക്കുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് സാധാരണ വിഹിതത്തിൻറെ 30 ശതമാനം ഉത്പാദന മേഖലയ്ക്ക് മാറ്റിവെക്കണമെന്ന നിബന്ധന ദീർഘകാലമായി തുടരുകയാണ്. ഉദ്പാദന മേഖലയിലെ വിവിധ പദ്ധതികൾക്കായി 77 ലക്ഷത്തി 8 ആയിരത്തി 900 രൂപ വകയിരുത്തുന്നു.

ക്ഷീര മേഖല തകർച്ചയുടെ വക്കിലാണ്. കാലിത്തീറ്റയുടെ വില ഉയർന്നതും പച്ചപ്പുല്ലിന്റെ ക്ഷാമവും ഈ മേഖലയിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുകയാണ്. ഈ മേഖലയുടെ ഉത്തേജനത്തിനായി ക്ഷീരകർഷകരുടെ സബ്സിഡിക്കായി 8 ലക്ഷത്തി മുപ്പതിനായിരം രൂപ വകയിരുത്തുന്നു. മത്സ്യ മേഖലയുടെ വികസനത്തിനായി 3 ലക്ഷം രൂപയും വകയിരുത്തുന്നു.

പാർപ്പിട മേഖലയ്ക്കായി 8 കോടി 10 ലക്ഷത്തി 90 ആയിരം രൂപ വകയിരുത്തുന്നു. ഇതിൽ 2 കോടി 28 ലക്ഷത്തി അമ്പത്തി ആറായിരത്തി 400 രൂപ പദ്ധതി വിഹിതവും ബാക്കി വായ്പയുമായാണ് കണക്കാകുന്നത്. വിവിധ സദ്ഭരണ പദ്ധതികൾക്കായി 1 കോടി 17 ലക്ഷത്തി മുപ്പതിനായിരത്തി 600 രൂപ വകയിരുത്തുന്നു.

സൌജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം ലഭിക്കുക എന്നത് ഒരു കുട്ടിയെ സംബന്ധിച്ച് ഔദാര്യമല്ല അവകാശമാണ്. പരിഷ്കൃത സമൂഹത്തിന്റെ അഭിമാനമാണ് വിദ്യാഭ്യാസമുള്ള ഒരു ജനത. ഈ മേഖലയിലെ സമഗ്ര പദ്ധതികൾക്കായി 30 ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി 200 രൂപ വകയിരുത്തുന്നു. ഇതിൽ എസ്എസ് കെ വിഹിതമായി 5 ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനോപകരണങ്ങൾ ലാപ്ടോപ്പ് എന്നിവക്കായി 13

ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി 200 രൂപയും, പട്ടികജാതി വിദ്യാർത്ഥികളുടെ ലാപ്ടോപ്പ്, പഠനോപകരണങ്ങൾ, സ്കോളർഷിപ്പ് എന്നിവയ്ക്കായി 4 ലക്ഷത്തി അമ്പതിനായിരം രൂപയും വിദ്യാർത്ഥികളുടെ പ്രഭാത ഭക്ഷണത്തിനായി 5 ലക്ഷത്തി അമ്പതിനായിരം രൂപയും വകയിരുത്തുന്നു.

സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുക എന്നത് പുരോഗമന സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. ഭിന്നശേഷിക്കാർ കുട്ടികൾ എന്നിവർ ഇതിൽ പ്രധാനപ്പെട്ടവരാണ്. വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി 24 ലക്ഷത്തി എൺപതിഅയ്യായിരം രൂപ വകയിരുത്തുന്നു. ഇതിൽ ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള യാത്രബത്ത ഇനത്തിൽ 5 ലക്ഷം രൂപയും അങ്കണവാടി അനുപൂരക പോഷകാഹാരത്തിന് 13 ലക്ഷത്തി അമ്പതിനായിരം രൂപയും കൌമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരത്തിന് 1 ലക്ഷത്തി ഇരുപതിനായിരം രൂപയും വകയിരുത്തുന്നു. വുമൺ ഫെസിലിറ്റേറ്റർ വേതനവും ജാഗ്രതാ സമിതി ശക്തിപ്പെടുത്തുന്നതിനും 2 ലക്ഷം രൂപ വകയിരുത്തുന്നു. ഓടമൂട്ടിൽ അങ്കണവാടി പുതിയ കെട്ടിടത്തിന് ഫർണ്ണിച്ചർ വാങ്ങൽ 2 ലക്ഷം രൂപ വകയിരുത്തുന്നു.

ആരോഗ്യ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 13 ലക്ഷത്തി നാൽപ്പത്തിഅയ്യായിരം രൂപ വകയിരുത്തുന്നു. ഇതിൽ 12 ലക്ഷം രൂപ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കും ഇരുപതിനായിരം രൂപ സിക്കിൾസെൽ അനീമിയ രോഗികൾക്ക് പോഷകാഹാരം നൽകുന്നതിനും വകയിരുത്തുന്നു. വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകുന്നതിന് 17 ലക്ഷത്തി എഴുപതിഅയ്യായിരം രൂപ വകയിരുത്തുന്നു.

ആയുർദൈർഘ്യം ഉയർന്ന സംസ്ഥാനമാണ് നമ്മുടേത്. വയോജനങ്ങൾ നമ്മുടെ സമ്പത്താണ് അവരെ ചേർത്ത് നിർത്തുവാൻ കഴിയുക എന്നത് ഒരു സൗഭാഗ്യമായി കണക്കാക്കേണ്ടതാണ്. പക്ഷേ ഇന്ന് കേരളീയ സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് വയോജനങ്ങളുടെ സംരക്ഷണം. അണുകുടുംബ വ്യവസ്ഥയുടെ വ്യാപനത്തോടെ കുടുംബങ്ങളിലെ ചെറുപ്പക്കാർ സ്വന്തം വീട് വിട്ട് അന്യദേശങ്ങളിലേക്ക് പോകുന്നതിന്റെ ഭാഗമായി വയോജനങ്ങൾ ഒറ്റപ്പെട്ടു പോകുന്ന അവസ്ഥയാണുള്ളത്. ഇവരെ ചേർത്ത് നിർത്തേണ്ടതും, സംരക്ഷിക്കേണ്ടതും പൊതു സമൂഹത്തിന്റെ ബാധ്യതയാണ്. വിവിധ വയോജന ക്ഷേമ പദ്ധതികൾക്കായി 16 ലക്ഷത്തി മുപ്പത്തിഏഴായിരത്തി അഞ്ഞൂറ് രൂപ വകയിരുത്തുന്നു. ഇതിൽ വയോജനങ്ങൾക്ക് ദന്ത പരിചരണത്തിന് 6 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ വയോജനങ്ങളുടെ ഉല്ലാസ യാത്രക്ക് 3 ലക്ഷം രൂപയും വോയജനങ്ങളുടെ

കലാ മേളക്ക് 1 ലക്ഷം രൂപയും വകയിരുത്തുന്നു. എസ്സി വിഭാഗത്തിൽ വയോജനങ്ങളുടെ സഹായ ഉപകരണങ്ങൾ (കേൾവി യന്ത്രം, വീൽചെയർ, വാക്കർ) എന്നിവ വാങ്ങി നൽകുന്നതിന് 5 ലക്ഷത്തി മുപ്പത്തിഏഴായിരത്തി അഞ്ഞൂറ് രൂപയും വകയിരുത്തുന്നു. വയോജനങ്ങൾക്ക് ആയുർവ്വേദ മരുന്ന് പാക്കേജിന് 1 ലക്ഷം രൂപ വകയിരുത്തുന്നു.

ദരിദ്ര്യ ലഘൂകരണത്തിന്റെ ഭാഗമായുള്ള തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ വകയിരുത്തുന്നു.

ദുരന്ത നിവാരണ ഉപകരണങ്ങൾ വാങ്ങൽ പരിശീലനം എന്നിവക്കായി അമ്പതിനായിരം രൂപ വകയിരുത്തുന്നു.

നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ, കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ കലാകായിക മികവ് പ്രകടിപ്പിക്കുവാൻ കേരളോത്സവത്തിന് 1 ലക്ഷത്തി അമ്പതിനായിരം രൂപയും ക്ലബ്ബുകളുടെ സ്പോർട്സ് കിറ്റ് വിതരണത്തിന് 1 ലക്ഷം രൂപയും വിദ്യാർത്ഥികൾക്ക്ഫുട്ബോൾ പരിശീലനത്തിന് 2 ലക്ഷം രൂപയും വകയിരുത്തുന്നു.

ജനസംഖ്യയുടെ പകുതിയിൽ കൂടുതൽ വരുന്ന വനിതകളെ അഭിസംബോധന ചെയ്യാതെയും അവരുടെ ശാക്തീകരണം നടത്താതെയും ഒരു പരിഷ്കൃത സമൂഹത്തിന് മുന്നോട്ടു പോകുവാൻ കഴിയുകയില്ല. വനിത ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈ വിതരണം 3 ലക്ഷം രൂപയും, തേനീച്ച ഗ്രാമം

പദ്ധതി (വനിത)ക്ക് 13 ലക്ഷത്തി എൺപത്തിഒമ്പതിനായിരത്തി നാനൂറ് രൂപയും വകയിരുത്തുന്നു. ജൈവ വള നിർമ്മാണ യൂണിറ്റ് (വനിത) ടിഎസ്പിക്ക് 18 ലക്ഷത്തി ഇരുപത്തിനാലായിരത്തി അഞ്ഞൂറ് രൂപയും വകയിരുത്തുന്നു. എസ്റ്റി വിഭാഗത്തിലുള്ള പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായത്തിന് 7 ലക്ഷത്തി അമ്പതിനായിരം രൂപയും വകയിരുത്തുന്നു.

മാലിന്യ സംസ്കരണം നമ്മുടെ സംസ്ഥാനത്ത് നല്ല നിലയിൽ പുരോഗമിക്കുകയാണ്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന പൊതു ബോധത്തിലേക്ക് ബഹുജനങ്ങളെ എത്തിക്കുക എന്നത് ശ്രമകരമായ ഒരു ജോലിയാണ്. ഈ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 35 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 12 ലക്ഷം രൂപ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റിനും ക്ലീൻ പിണങ്ങോട് ഗ്രീൻ പിണങ്ങോട് എന്ന പദ്ധതിക്ക് 1 ലക്ഷത്തി അമ്പത്തിഒന്നായിരത്തി അഞ്ഞൂറ് രൂപയും വകയിരുത്തുന്നു. ഹരിതകർമ്മസേന യൂസർഫീ അടവാക്കൽ പട്ടിക വർഗ്ഗകുടുംബം 3 ലക്ഷം രൂപയും ഹരിത കർമ്മസേന തുടർ പ്രവർത്തനങ്ങൾക്ക് 1 ലക്ഷം രൂപയും വകയിരുത്തുന്നു.

നമ്മുടെ വിവിധ ഘടകസ്ഥാപനങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നവയാണ്. ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റ പണികൾക്കായി 4 ലക്ഷം രൂപയും. അതുപോലെ ഘടകസ്ഥാപനങ്ങളുടെ

കണ്ടീജൻസി ചെലവുകൾക്കായി 4 ലക്ഷത്തി 20 ആയിരം രൂപയും വകയിരുത്തുന്നു.

എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ജലജീവൻ പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുകയാണ്. വിവിധ വാർഡുകളിലെ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ പ്രവർത്തിക്ക് 27 ലക്ഷത്തി മൂവ്വായിരം രൂപ വകയിരുത്തുന്നു.

ഒരു നാടിന്റെ വികസനത്തിന് പശ്ചാത്തല മേഖലയുടെ സൌകര്യം മെച്ചപ്പെടൽ വളരെ അത്യന്താപേക്ഷിതമാണ്. വിവിധ വാർഡുകളിലെ റോഡുകളുടേയും നടപ്പാതകളുടേയും നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി 1 കോടി 83 ലക്ഷത്തി നാൽപ്പത്തിമൂവ്വായിരം രൂപ വകയിരുത്തുന്നു.

നമ്മുടെ പ്രദേശത്ത് തെരുവോരങ്ങളിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പദ്ധതിയിൽ 5 ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി അഞ്ഞൂറ് രൂപ വകയിരുത്തുന്നു.

## സമാപനം

ഈ ബഡ്ജറ്റ് വെങ്ങപ്പള്ളിയുടെ ഭാവി രേഖപ്പെടുത്തുന്ന വികസന പടവുകളാണ്. ഓരോ കുടുംബത്തിന്റെയും സ്വപ്നങ്ങൾ നിറവേറ്റുന്ന ഒരു ഗ്രാമം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ജനപങ്കാളിത്തം ഇല്ലാതെ ഒരു പദ്ധതിയും വിജയിക്കില്ല. അതിനാൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

വെങ്ങപള്ളി ഗ്രാമം വികസനത്തിന്റെ മാതൃകയായി ഉയരട്ടെ.

നമ്മൾ ഒരുമിച്ചാൽ – നമ്മുടെ ഗ്രാമം മുന്നേറും.

"ജനങ്ങളുടെ വിശ്വാസം – വികസനത്തിന്റെ വേഗം" എന്ന മുദ്രാവാക്യത്തോടെ 2026-27 വാർഷിക ബഡ്ജറ്റ് സമർപ്പിക്കുന്നു.

ഷീജ. എൻ
വൈസ് പ്രസിഡണ്ട്/ധനകാര്യസ്റ്റാ.കമ്മിറ്റി ചെയർപേഴ്സൺ
വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്